"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 06/10/2020

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – ഇ-ഓഫീസ് – പദ്ധതി രണ്ടാം ഘട്ടം – വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ LAN കണക്ഷൻ ഏർപ്പെടുത്തുന്നത് – സംബന്ധിച്ച്

ഇ-ഓഫീസ് പദ്ധതിയുടെ രണ്ടാം ഘട്ട ആവിഷ്കാരവുമായി ബന്ധപ്പെട്ട് വകുപ്പിന് കീഴിലുള്ള കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലെ സ്ഥാപനങ്ങളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. ബന്ധപ്പെട്ട ജില്ലകളിലെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സ്വന്തം ഫണ്ട് ഉപയോഗപ്പെടുത്തി നോഡൽ ഐ ടി ഐ കളുടെ സഹായത്തോടെ LAN കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. 2020 നവംബർ 1 തീയതി മുതൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാൽ ടി വിഷയം ഗൗരവ പൂർവം കൈകാര്യം ചെയ്യേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: 1) കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലെ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
2) നോഡൽ ഐ ടി ഐ പ്രിൻസിപ്പാൾമാർ (ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പ് വരുത്തേണ്ടതാണ്)